LIBRARY ARCHIVES Kerala Legislative Assembly

വ്യവസായങ്ങൾക്ക് വനവിഭവങ്ങൾ നൽകുന്നത് സംബന്ധിച്ച കരാർ

113 [1123] ശ്രീ. കെ. എൻ. എ. ഖാദർ:
„ യു. സി. രാമൻ:
„ കളത്തിൽ അബ്ദുള്ള :
„ പി. കെ. കെ. ബാവ :
„ പി. കെ. അബ്ദുറബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനവിഭവങ്ങൾ അസംസ്കൃത വസ്തുവായിട്ടുപയോഗിക്കുന്ന വ്യവസായ സ്ഥാപനങ്ങൾക്ക് അവ നൽകാമെന്ന ദീർഘകാല കരാറുകളിൽ ഏതെല്ലാം ഇപ്പോൾ നിലവിലുണ്ട്;

(ബി) ഈ കരാറുകളിൽ പറഞ്ഞിരിക്കുന്ന വനവിഭവങ്ങളുടെ വില പുതുക്കി നിശ്ചയിച്ച് സർക്കാരിന്റെ നഷ്ടം ഒഴിവാക്കി കരാർ പുതുക്കാൻ ആലോചനയുണ്ടോ?

ഉത്തരം

(എ) ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് കമ്പനിക്ക് 6-10-2004 വരെയും കേരളാ സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന് 31-10-2005 വരെയും അസംസ്കൃത വനവിഭവങ്ങൾ നൽകുന്നതിന് ദീർഘകാല കരാറുകൾ നിലവിലുണ്ട്.

(ബി) ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് കമ്പനിയുമായുള്ള നിലവിലുള്ള കരാർ 2004-ൽ അവസാനിക്കുകയാണ്. കരാർ പുതുക്കി നിശ്ചയിക്കുമ്പോൾ വനവിഭവങ്ങളുടെ വില നിലവിലുള്ള പൊതുകമ്പോളത്തിലെ വിലയും അയൽ സംസ്ഥാനങ്ങളിലെ വിലയും കൂടി പരിഗണിച്ചാണ് എല്ലാ പ്രാവശ്യവും കരാർ പ്രകാരം വില നിശ്ചയിക്കുന്നത്. പരമാവധി നഷ്ടം ഒഴിവാക്കാൻ ശ്രമിക്കാറുണ്ട്. കേരളാ സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന് വർഷംതോറും ഈറ്റ സൗജന്യമായാണ് നൽകിവരുന്നത്. പരമ്പരാഗതമായ ഈറ്റത്തൊഴിലാളികളുടെ ക്ഷേമം മുൻനിർത്തിയാണ് സൗജന്യമായി ഈറ്റ നൽകിക്കൊണ്ടിരിക്കുന്നത്.

തൃശ്ശൂർ ഫോറസ്റ്റ് ഡിവിഷനിൽ ജോലിയിലിരിക്കെ മരിച്ച നന്ദകുമാറിന്റെ ഭാര്യയ്ക്ക് ആശ്രിതനിയമനം നൽക്കുന്നതിനും പെൻഷൻ അനുവദിക്കുന്നതിനും നടപടി

114 [1125] ശ്രീ. ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ഫോറസ്റ്റ് ഡിവിഷനിൽ ജോലിയിലിരിക്കെ കഴിഞ്ഞ വർഷം മരിച്ച കൂറ്റുമുക്ക് സ്വദേശി നന്ദകുമാറിന്റെ വിധവ ശ്രീമതി രാധിക നന്ദകുമാറിന് ആശ്രിത നിയമനം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് കാലതാമസം എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മരിച്ച നന്ദകുമാറിന്റെ മകൾക്കും വിധവയ്ക്കും പെൻഷൻ അനുവദിച്ചുത്തരവായിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ?

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 1124-ന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

ഉത്തരം

(എ) ഇല്ല. ശ്രീമതി യു. രാധിക സമർപ്പിച്ച അപേക്ഷയിൽ ന്യൂനതകൾ ഉള്ളതിനാൽ ആയത് പരിഹരിക്കാനുള്ള നടപടികൾ കൈക്കൊണ്ടു വരികയാണ്.

(ബി) ഇല്ല. പെൻഷൻ അംഗീകരിക്കുന്നതിനുള്ള അപേക്ഷ അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ചിട്ടുണ്ട്. പെൻഷൻ അംഗീകരിച്ചുകൊണ്ടുള്ള അറിയിപ്പ് ഇതുവരെയും ലഭ്യമായിട്ടില്ല.

പുറക്കാട് ഗാന്ധിസ്മൃതി പദ്ധതി

115 [1126] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുറക്കാട് ഗാന്ധിസ്മൃതിവനം പദ്ധതി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിക്കുവാനുദ്ദേശിക്കുന്ന പ്രാരംഭ നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ പദ്ധതിക്കുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. രാഷ്ട്രപിതാവിന്റെ സ്മരണയ്ക്കായി ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ താലൂക്കിൽ പുറക്കാട് വില്ലേജിൽ 600 ഏക്കർ വിസ്തൃതിയിൽ ഒരു സ്മൃതിവനം (ഗാന്ധിവനം) സ്ഥാപിക്കുന്നതിന് 1993-ൽ ഗവൺമെന്റ് തീരുമാനിച്ചിരുന്നു. 15-11-1994-ലെ ഗവൺമെന്റ് ഉത്തരവ് നമ്പർ ജി. ഒ. (എംഎസ്.) 54/94/എഫ്. ആന്റ് ഡബ്ലിയു. എൽ. ഡി. പ്രകാരം 600 ഏക്കർ ഭൂമി പുറക്കാട് വില്ലേജിൽ അക്വയർ ചെയ്യുന്നതിന് ഉത്തരവാകുകയും ഉണ്ടായി. ആദ്യഘട്ടമെന്ന നിലയിൽ 292.85 ഏക്കർ സ്ഥലം ആലപ്പുഴ ജില്ലാ കളക്ടർ അക്വയർ ചെയ്യുകയും ചെയ്തു. പദ്ധതിയുടെ സാങ്കേതിക വശങ്ങളെക്കുറിച്ച് പഠിക്കുന്നതിന് തിരുവനന്തപുരത്തുള്ള സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും, വെള്ളക്കെട്ടുള്ള പ്രദേശങ്ങളിൽ പദ്ധതി നടപ്പാക്കുന്നതിനെക്കുറിച്ച് വിശദപഠനം നടത്തുന്നതിന് തൃശ്ശൂരിലെ കേരളാ ഫോറസ്റ്റ്സ് റിസർവ്വ് ഇൻസ്റ്റിറ്റ്യൂട്ടിനെ ചുമതലപ്പെടുത്തുകയുണ്ടായി. ഇതിനിടെ പദ്ധതി വെള്ളക്കെട്ട് പ്രദേശത്ത് നടപ്പിലാക്കുന്നതിനെതിരെ കേരള ഹൈക്കോടതി മുൻപാകെ കൊച്ചനിയൻ മുതൽ പേർ ഒ. പി. ഫയൽ ചെയ്യുകയും (ഒ. പി. നമ്പർ 304/96) ആയത് പദ്ധതി നടപ്പാക്കാനുള്ള നിർദ്ദേശത്തോടെ ബഹുമാനപ്പെട്ട കോടതി 12-6-1997-ൽ തള്ളിക്കളയുകയും ചെയ്തു. ഇതിനെ തുടർന്ന് ആലപ്പുഴ ജില്ലാ കളക്ടർ ഭൂമി അക്വയർ ചെയ്യുകയും ഇതുവരെയായി ആകെ 415 ഏക്കർ സ്ഥലം പദ്ധതിക്കായി ഏറ്റെടുക്കുകയും ഉണ്ടായി. എന്നാൽ ഏറ്റെടുത്ത സ്ഥലങ്ങൾ വിവിധ പ്രദേശങ്ങളിലായും, ഏറ്റെടുത്ത സ്ഥലങ്ങൾക്കിടയിൽ അക്വയർ ചെയ്യാത്ത സ്ഥലങ്ങൾ ഉള്ളതുകൊണ്ടും വെള്ളക്കെട്ടുള്ള സ്ഥലമായിരുന്നതിനാൽ സർവെയുടെ അതിർത്തി നിർണ്ണയവും സാദ്ധ്യമല്ലാതിരുന്നതുകൊണ്ടും വനം വകുപ്പ് അക്വയർ ചെയ്ത സ്ഥലങ്ങൾ ഏറ്റെടുക്കുകയുണ്ടായില്ല. 66.55 ഹെക്ടർ ഭൂമികൂടി അക്വയർ

LIBRARY ARCHIVES Kerala Legislative Assembly